പതിനാലാം കേരള നിയമസഭ

<u>പതിനാലാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1194</u> — <u>04.02.2019 ൽ മറുപടിക്ക്</u>

## <u>തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പുതിയ റെയിൽ പാത</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, സി.മമ്മൂട്ടി<br>,, പി.കെ.ബഷീർ<br>,, അബ്ദുൽ ഹമീദ് പി. | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള തിരുവനന്തപുരം-കാസർഗോഡ് രണ്ടുവരി റെയിൽ പാതയ്ക്ക് സമാന്തരമായി രണ്ടുവരിപാത നിർമ്മിക്കുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന് കേന്ദ്ര ആസൂത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;<br><br>(ബി) ഈ പാത യാഥാർത്ഥ്യമാകുമ്പോൾ തിരുവനന്തപുരത്തു നിന്നും എത്ര സമയം കൊണ്ട് കാസർഗോഡ് എത്തിച്ചേരാമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;<br><br>(ഡി) പ്രസ്തുത രണ്ടുവരിപാതയുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും | സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള റെയിൽ പാതയ്ക്ക് സമാന്തരമായി ഇരട്ടപ്പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 510 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും പാത എന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും, സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിനു സമർപ്പിക്കുവാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേക്കുള്ള ജനറൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുകയും ഡി.പി.ആർ രൂപരേഖ തയ്യാറാക്കി ഈ സാമ്പത്തിക വർഷം തന്നെ റെയിൽവേ ബോർഡിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി പൂർത്തിയാക്കുന്നതിന് 55,337 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. |

പദ്ധതിയുടെ ധന ശേഖരണ രൂപം ചുവടെ വിവരിക്കുന്നു.

| Parties | % contribution | Amount | Remarks. |
|---|---|---|---|
| Equity by GOK<br>Equity by GOI | 10%<br>10% | 5534<br>5534 | Total equity for Railways and GOK stands at 20% only. |
| Loan from multilateral overseas development agencies. | 60% | 33,202Cr | Soft loans @0.5% rate of interest for long term of 30-35 years. |
| Fund raising through selling of property rights , Real estate development etc. along the corridor. | 20% | 11,067cr | Expected loans @ 20% of cost through open tendering system, the right can be awarded. |
| Total | 100% | 55,337Cr | |

ഈ പദ്ധതി ഒരു സ്റ്റാന്റ് എലോൺ എലിവേറ്റഡ് റെയിൽ കോറിഡോറായി നടപ്പിലാക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയം അനുകൂലിക്കുന്നതായും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുമെന്നും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്.

ഈ പാത യാഥാർത്ഥ്യമാകുമ്പോൾ തിരുവനന്തപുരത്തു നിന്നും കാസർഗോഡ് വരെ നാലര മണിക്കൂറിൽ എത്തിച്ചേരാൻ സാധിക്കും.

സെക്ഷൻ ഓഫീസർ